പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 378 — 12.06.2012-ൽ മറുപടിയ്ക്ക്

പരവൂർ സബ് സ്റ്റേഷൻ.

| ചോദ്യം<br>ശ്രീ. ജി. എസ്. ജയലാൽ : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
|---|---|
| (എ) പരവൂരിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ള 33 കെ. വി. സബ്സ്റ്റേഷൻെറയും അനുബന്ധ ജോലികളുടെയും പ്രവർത്തന പുരോഗതി അറിയിക്കുമോ ; | (എ) പരവൂരിൽ നിർമ്മാണത്തിലിരിക്കുന്ന 33 കെ. വി സബ് സ്റ്റേഷൻെറ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. ഈ സബ് സ്റ്റേഷനിലേയ്ക്ക് വൈദ്യുതി എത്തിക്കുന്ന ലൈനിൻെറ പണികൾ നടന്നു വരുന്നു. |
| (ബി) സബ് സ്റ്റേഷൻ നിർമ്മാണ ജോലികൾ രണ്ടുവർഷം മുൻപ് ആരംഭിച്ചുവെങ്കിലും നാളിതുവരെ നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ലായെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരവൂർ 33 കെ. വി സബ് സ്റ്റേഷനിലേയ്ക്ക് കൊട്ടിയം 110 കെ. വി സബ് സ്റ്റേഷനിൽ നിന്നും 4.7 കിലോമീറ്റർ ദൈർഘ്യമുള്ള 33 കെ. വി സിംഗിൾ സർക്യൂട്ട് ലൈൻ വലിക്കേണ്ടതുണ്ട്. ഈ ലൈനിൻെറ പണി പൂർത്തിയാകാനുള്ള സമയം മാത്രമാണ് ഇനി ആവശ്യമുള്ളത്. ഈ ലൈനിൻെറ പണിയ്ക്കായുള്ള ദർഘാസുകൾ ക്ഷണിച്ചു ഓർഡർ നൽകി ജോലികൾ ദ്രുതഗതിയിൽ നടത്തി വരുന്നു. |
| (സി) എങ്കിൽ എത്രയും പെട്ടെന്ന് നിർമ്മാണം പൂർത്തീകരിച്ച് സബ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; എന്ന് ഉദ്ഘാടനം നിർവ്വഹിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ? | (സി) ആഗസ്റ്റ് മാസത്തോടുകൂടി ഈ ലൈനിൻെറയും സബ് സ്റ്റേഷൻെറയും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.